# FILE No. KITE/2088/2020-PA2

Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

No. KITE/ 2022/ 1629 (3) തീയതി: 05.03.2022

## <u>സർക്കുലർ</u>

വിഷയം:- **കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സ്കൂളുകൾക്ക് വിതരണം ചെയ്ത ഐ.ടി അനുബന്ധ ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ - നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി കൈറ്റുമായി ഒപ്പുവച്ച ധാരണാപത്രം.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം 4775 സർക്കാർ, എയിഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകൾക്ക് കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) വിതരണം ചെയ്ത ലാപ്ടോപ്പ്, പ്രൊജക്ടർ, ഡി.എസ്.എൽ.ആർ ക്യാമറ, എൽ.ഇ.ഡി. ടി.വി., വെബ്ക്യാം, പ്രൊജക്ഷൻ സ്ക്രീൻ, എച്ച്.ഡി.എം.ഐ കേബിൾ, ഫേസ് പ്ലേറ്റ്, സീലിംഗ് മൗണ്ട് കിറ്റ്, യു.എസ്.ബി സ്പീക്കർ, ഡെസ്ക് ടോപ്പ് എന്നീ ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. സ്കൂളുകളിലെ ടി ഉപകരണങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. അതിനായി താഴെപ്പറയുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. കുട്ടികളുടെ പഠന പ്രവർത്തനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്തുന്നതിനാണ് ഹൈടെക് ഉപകരണങ്ങൾ സ്കൂളുകൾക്ക് നൽകുന്നത്. പ്രസ്തുത ഉപകരണങ്ങൾ കൃത്യമായി സൂക്ഷിക്കുന്നതിനും ഉപയോഗിക്കുന്നതിനും സ്കൂളുകളിൽ പ്രത്യേക സംവിധാനം ഒരുക്കേണ്ടതാണ്. എന്നാൽ തീപിടുത്തം, മോഷണം, പ്രകൃതിക്ഷോഭം (വെള്ളപ്പൊക്കം, ഭൂചലനം മുതലായവ) എന്നിവമൂലം ഉപകരണങ്ങൾക്ക് 16 pt കേടുപാടുകൾ സംഭവിച്ചാൽ 24.02.2022 മുതൽ 23.02.2023 വരെ അവയ്ക്ക് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതിന് കൈറ്റ് ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.
2. ഉപകരണങ്ങൾക്ക് നാശനഷ്ടം സംഭവിച്ചാൽ പ്രസ്തുത വിവരം സ്കൂൾ സ്ഥിതിചെയ്യുന്ന പോലീസ് സ്റ്റേഷനിൽ അറിയിക്കുന്നതിനോടൊപ്പം ഇൻഷുറൻസ് കമ്പനിയേയും ഉടൻ തന്നെ ടെലിഫോൺമുഖേന അറിയിക്കേണ്ടതാണ് (ഫോൺ : 0470-2622236, 2627620, ഇ-മെയിൽ 100402@uiic.co.in).

3. ഇൻഷ്വറൻസ് ലഭിക്കുന്നതിന് Fire & Allied Perils, Robbery including Theft എന്നീ വിഭാഗങ്ങളിൽ ഏതിലാണോ നഷ്ടം സംഭവിച്ചത് ആയതുമായി ബന്ധപ്പെട്ട ക്ലെയിം ഫോം (www.kite.kerala.gov.in ൽ notification ൽ ലഭ്യമാണ്) പൂരിപ്പിച്ച് പോലീസ് സ്റ്റേഷനിൽ നിന്നുള്ള എഫ്.ഐ.ആർ സഹിതം ഇൻഷ്വറൻസ് കമ്പനിയിലേയ്ക്കും (100402@uiic.co.in) കൈറ്റ് സ്റ്റേറ്റ് ഓഫീസിലേയ്ക്കും അതത് ജില്ലാ കോർഡിനേറ്റർക്കും (insurance@kite.kerala.gov.in) ഇ-മെയിൽ മുഖാന്തിരം അറിയിക്കേണ്ടതാണ്. കൂടാതെ ഒറിജിനൽ രേഖകൾ United India Insurance Company Ltd., Ash-Har Complex, Near Municipal Bus Stand, Attingal, Thiruvananthapuram – 695 101 എന്ന വിലാസത്തിലേയ്ക്ക് 14 ദിവസത്തിനകം അയക്കേണ്ടതാണ്.
4. ഉപകരണങ്ങൾ സ്കൂൾ കാമ്പസിനുള്ളിലായിരിക്കുമ്പോൾ സംഭവിക്കുന്ന കേടുപാടുകൾക്കു മാത്രമേ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുകയുള്ളൂ. അതിനാൽ ലാപ്ടോപ്പ് പോലെയുള്ള ഉപകരണങ്ങൾ നിലവിലുള്ള നിർദേശങ്ങളനുസരിച്ച് സ്കൂൾ അധികൃതരുടെ അനുവാദത്തോടെ കാമ്പസിനു പുറത്തേയ്ക്ക് കൊണ്ടുപോകുമ്പോൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.
5. സ്കൂളിലെ ഐ.ടി. ഉപകരണങ്ങൾക്ക് നഷ്ടം സംഭവിച്ചാൽ നഷ്ടപ്പെട്ട ഉപകരണത്തിന്റെ വില, സ്കൂൾ മേൽവിലാസം, ബന്ധപ്പെടേണ്ട വ്യക്തിയുടെ മൊബൈൽ ഫോൺ നമ്പർ തുടങ്ങിയവ ക്ലെയിം ഫാറത്തിൽ ഉൾപ്പെടുത്തി 100402@uiic.co.in or binoabraham@uiic.co.in ൽ മെയിൽ അയയ്ക്കേണ്ടതാണ്.
6. കവർച്ച, മോഷണം തുടങ്ങിയവമൂലം നഷ്ടപ്പെടുന്ന ഉപകരണങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ നിന്നുള്ള FIR, Non-traceable certificate, Final report എന്നിവ സമർപ്പിക്കുന്നതനുസരിച്ചായിരിക്കും ഇൻഷ്വറൻസ് ലഭിക്കുന്നത്.
7. തീപിടുത്തം മൂലമുള്ള നാശനഷ്ടങ്ങൾക്ക് Fire brigade report, KSEB report, FIR, Final report എന്നിവ ഹാജരാക്കേണ്ടതാണ്.
8. Insurance Company യുടെ പ്രതിനിധികൾ claim സംബന്ധിച്ച് School സന്ദർശിക്കുമ്പോൾ അവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കേണ്ടതും അവർ ആവശ്യപ്പെടുന്ന രേഖകൾ ഹാജരാക്കേണ്ടതുമാണ്.

**കെ.അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

കൈറ്റിലെ എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും
ഹൈടെക് പദ്ധതിയിലുള്ള എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/
വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

സി.ഇ.ഒ, കിഫ്ബി
പൊതുവിദ്യാഭ്യാസ ഡയറക്ടർ
എല്ലാ എച്ച്.എസ്.ഇ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ/വി.എച്ച്.എസ്.ഇ അസിസ്റ്റന്റ് ഡയറക്ടർ/
വിദ്യാഭ്യാസ ഉപഡയറക്ടർമാർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
സ്റ്റോക്ക് ഫയൽ